സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 59 ലക്കം: 242 2025 ജനുവരി 17 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ബൈക്കപകടത്തിൽ ഒരു മരണം

തൃശൂർ: ദേശീയപാത പട്ടിക്കാട് താണിപ്പാടത്ത് സ്കൂട്ടർ ഡിവൈഡറിൽ ഇടിച്ച് ഒരാൾ മരിച്ചു. പാലക്കാട് അകത്തേത്തറ സ്വദേശി സുരേഷ് കുമാർ (69) ആണ് മരിച്ചത്.

സ്വർണവില റെക്കോർഡിലേക്ക്

തൃശൂർ: സംസ്ഥാനത്ത് സ്വർണവില കുതിക്കുന്നു. 60,000 കടന്നും കുതിക്കുമെന്ന സൂചന നൽകി സ്വർണവില ഇന്ന് 480 രൂപയാണ് വർധിച്ചത്. 59,600 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില. ഗ്രാമിന് 60 രൂപയാണ് വർധിച്ചത്. 7450 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില. ഈ മാസത്തെ ഏറ്റവും ഉയർന്ന നിലയിലാണ് സ്വർണവില.

നവകേരളം സൃഷ്ടിക്കും, മേപ്പാടി ദുരിതബാധിതർക്ക് ഒരുകൊല്ലം കൊണ്ട് ടൗൺഷിപ്പ് – നയപ്രഖ്യാപനത്തിൽ ഗവർണർ

തിരു : രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ നേട്ടങ്ങൾ എണ്ണിപ്പറഞ്ഞും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ കുറിച്ച് സൂചന നൽകിയും കേന്ദ്രത്തിൽനിന്നുള്ള വിഹിതം ലഭിക്കാത്തത് പരാമർശിച്ചും ഗവർണർ രാജേന്ദ്ര ആർലേക്കറുടെ നയപ്രഖ്യാപന പ്രസംഗം. ആരിഫ് മുഹമ്മദ് ഖാന് പകരം ഗവർണറായി ചുമതലയേറ്റെടുത്ത ആർലേക്കറുടെ ആദ്യ നയപ്രഖ്യാപന പ്രസംഗമാണിത്. നവകേരള സൃഷ്ടിക്ക് സർക്കാർ പ്രതിജ്ഞാബദ്ധമെന്നും അദ്ദേഹം ആവർത്തിച്ചു.

ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ, അറിവ് അടിസ്ഥാനമാക്കിയ സമ്പദ്‌വ്യവസ്ഥ, നിലവാരമുള്ള വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം എന്നിവയിലൂന്നിക്കൊണ്ടായിരിക്കും ഇത്. എല്ലാവർക്കും പാർപ്പിടം ഉറപ്പാക്കുമെന്നും അതിദാരിദ്ര്യം ഇല്ലാതാക്കുമെന്നും ഗവർണർ കൂട്ടിച്ചേർത്തു.

സംസ്ഥാനത്തിന്റെ പക്കലുള്ള വിഭവങ്ങൾ പരിമിതമാണെങ്കിലും അവ ഉപയോഗിച്ച് സാധ്യമാക്കാനുള്ള ശ്രമത്തിലാണ് സർക്കാരെന്നും തന്റെ പ്രഥമ നയപ്രഖ്യാപന പ്രസംഗത്തിൽ ആർലേക്കർ പറഞ്ഞു.

സമൂഹത്തിലെ ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കും. എല്ലാവർക്കും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കും. ധനസമാഹരണത്തിനുള്ള ശ്രമം സംസ്ഥാന സർക്കാർ നടത്തുമ്പോഴും കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ സർക്കാർ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും അദ്ദേഹം നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു.

അതിശക്തമായ സാമൂഹിക സുരക്ഷാ ശൃംഘലയാണ് കേരളത്തിന്റേത്. 62 ലക്ഷം വയോജനങ്ങൾക്കാണ് പ്രതിമാസം പെൻഷൻ നൽകുന്നത്. കഴിഞ്ഞ പതിറ്റാണ്ടിൽ പ്രളയം ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളെ സംസ്ഥാനത്തിന് നേരിടേണ്ടിവന്നു. ഈ വെല്ലുവിളികൾക്കിടയിലും കേരളത്തിന്റെ ദുരന്തനിവാരണ മാനേജ്മെന്റ് മാതൃക അന്താരാഷ്ട്രതലത്തിൽ ശ്രദ്ധ നേടി.

മേപ്പാടി ദുരന്തബാധിതരെ പുനരധിവസിപ്പിക്കാനുള്ള ടൗൺഷിപ്പ് ഒരുവർഷംകൊണ്ട് പൂർത്തിയാക്കും. കാർഷികമേഖലയെ പരിസ്ഥിതിസൗഹൃദമായി പുനരുജ്ജീവിപ്പിക്കും. സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കും, ഗവർണർ പറഞ്ഞു.

പി.ഡബ്ല്യൂ.ഡിയുടെ കീഴിലുള്ള അറുപത് ശതമാനത്തോളം റോഡുകളും ബി.എം, ബി.സി. നിലവാരത്തിലേക്ക് ഉയർത്തി. മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കാൻ ഒൻപത് ദ്രുതപ്രതികരണ സംഘങ്ങൾ (ആർ.ആർ.ടി.)ക്ക് കഴിഞ്ഞകൊല്ലം രൂപംനൽകി. ഇതോടെ ഈ പ്രശ്നത്തിനായി രൂപവത്കരിക്കപ്പെട്ട ആർ.ആർ.ടികളുടെ എണ്ണം 228 ആയെന്നും ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു.

കാട്ടാന ആക്രമണം

തൃശൂർ: അതിരപ്പള്ളി വെറ്റിലപ്പാറയിൽ കാട്ടാന തട്ടുകട തകർത്തു. ഇന്ന് പുലർച്ചെ രണ്ടുമണിയോടെയാണ് ആക്രമണം. ഒരു ചായക്കടയും ആന ഭാഗികമായി തകർത്തു.

കാറിടിച്ച് കാൽനട യാത്രക്കാരന് പരിക്ക്

തൃശൂർ: ദേശീയപാത മണ്ണുത്തി മുളയം റോഡിന് സമീപം കാറിടിച്ച് കാൽനട യാത്രക്കാരന് പരിക്കേറ്റു. ഇതര സംസ്ഥാന തൊഴിലാളി സദയകുമാറിനാണ് പരിക്കേറ്റത്.

ക്ഷേത്രത്തിൽ മോഷണം

തൃശൂർ:എരുമപ്പെട്ടി കാഞ്ഞിരക്കോടിൽ ക്ഷേത്രത്തിൽ മോഷണം. ശിവകുമാരഗിരി ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലാണ് മോഷണം നടന്നത്. ഭണ്ഡാരം തകർത്ത് പണം കവർന്നു

ഷാരോൺ വധക്കേസ്: ഗ്രീഷ്മയും അമ്മാവനും കുറ്റക്കാർ, അമ്മയെ വെറുതേവിട്ടു; ശിക്ഷാവിധി നാളെ

തിരു : ആൺസുഹൃത്തായിരുന്ന ഷാരോൺ രാജിനെ കളനാശിനി കലർത്തിയ കഷായം കുടിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ തമിഴ്നാട് ദേവിയോട് രാമവർമൻചിറ പൂമ്പള്ളിക്കോണം ശ്രീനിലയത്തിൽ ഗ്രീഷ്മയും അമ്മാവൻ നിർമലകുമാരൻ നായരും കുറ്റക്കാരെന്ന് കോടതി. നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് ജഡ്ജ് എ.എം. ബഷീറാണ് വിധി പ്രസ്താവിച്ചത്. കുറ്റക്കാർക്കുള്ള ശിക്ഷ കോടതി നാളെ പ്രസ്താവിക്കും.

പ്രോസിക്യൂഷന്റേയും പ്രതിഭാഗത്തിന്റേയും മൂന്നുദിവസം നീണ്ട അന്തിമവാദങ്ങൾ നേരത്തേ പൂർത്തിയായിരുന്നു. 2022 ഒക്ടോബറിലാണ് കേസിനാസ്പദമായ സംഭവം. ഒക്ടോബർ 14ന് ഷാരോൺ രാജിനെ ഗ്രീഷ്മ വിഷം കലർത്തിയ കഷായം നൽകി കൊലപ്പെടുത്തിയെന്നാണ് കേസ്. ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഒക്ടോബർ 25-നാണ് ഷാരോൺരാജ് മരിച്ചത്.

പാറശ്ശാലയ്ക്കു സമീപം സമുദായപ്പറ്റ് ജെ.പി. ഭവനിൽ ജയരാജിന്റെ മകനാണ് ഷാരോൺ. ഷാരോണിനെ കളനാശിനി കലർത്തിയ കഷായം കുടിപ്പിച്ച് ഗ്രീഷ്മ കൊന്നുവെന്നാണ് കേസ്. നെയ്യൂർ ക്രിസ്ത്യൻ കോളേജ് ഓഫ് അലൈഡ് ഹെൽത്തിൽ ബി.എസ്സി. റേഡിയോളജി അവസാനവർഷ വിദ്യാർഥിയായ ഷാരോൺ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കേയാണ് മരിച്ചത്.

ഒക്ടോബർ 14-ന് ഷാരോൺ സുഹൃത്ത് റെജിനൊപ്പം ഗ്രീഷ്മയുടെ കന്യാകുമാരിയിലെ വീട്ടിലെത്തി. ഇവിടെവെച്ച് ഗ്രീഷ്മ ഷാരോണിന് കളനാശിനിയായ പാരക്വറ്റ് കലർത്തിയ കഷായം നൽകി. കഷായം കൊടുത്ത ശേഷം കയ്പ്പ് മാറാൻ ജ്യൂസും കൊടുത്തു. പിന്നാലെ ഷാരോൺ മുറിയിൽ ഛർദിച്ചു. സുഹൃത്തിനൊപ്പം ബൈക്കിൽ മടങ്ങവേ പലതവണ ഛർദിച്ചു. ഛർദ്ദിക്കുകയും ക്ഷീണിതനാവുകയും ചെയ്ത ഷാരോൺ പാറശ്ശാല ജനറൽ ആശുപത്രിയിലെ ചികിത്സ കഴിഞ്ഞു വീട്ടിലേക്ക് എത്തിയെങ്കിലും അടുത്ത ദിവസം വായ്ക്കുള്ളിൽ വ്രണങ്ങളുണ്ടായതിനെത്തുടർന്ന് വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഷാരോണിന്റെ വൃക്ക, കരൾ, ശ്വാസകോശം എന്നിവ തകരാറിലായി ചികിത്സയിയിലിരിക്കേ മരിക്കുകയായിരുന്നു.

കോളേജിലേക്കുള്ള ബസ് യാത്രയ്ക്കിടെയാണ് ഷാരോണും ഗ്രീഷ്മയും പരിചയപ്പെടുന്നത്. 2021 ഒക്ടോബർ മുതലാണ് ഇരുവരും പ്രണയത്തിലായതെന്നാണ് കുറ്റപത്രത്തിൽ പറയുന്നത്. 2022 മാർച്ച് നാലിന് പട്ടാളത്തിൽ ജോലിയുള്ള ആളുമായി ഗ്രീഷ്മയുടെ കല്യാണം ഉറപ്പിച്ചിരുന്നു. ഗ്രീഷ്മയുടെ ആദ്യഭർത്താവ് മരിച്ചുപോവുമെന്ന് ജ്യോത്സ്യന്റെ പ്രവചനമുണ്ടായിരുന്നു.

നവംബറിൽ ഷാരോണിന്റെ വീട്ടിൽവെച്ച് ഇരുവരും താലി കെട്ടി. പിന്നീട് വെട്ടുകാട് പള്ളിയിൽ വെച്ചും താലികെട്ടി. തൃപ്പരപ്പിലുള്ള ഹോട്ടലിൽ മുറിയെടുത്ത് ഇരുവരും ശാരീരിക ബന്ധത്തിൽ ഏർപ്പെട്ടതായും കുറ്റപത്രത്തിൽ പറയുന്നു. എന്നാൽ, പുതിയ വിവാഹാലോചനയ്ക്ക് പിന്നാലെ ബന്ധം ഉപേക്ഷിക്കാൻ ഗ്രീഷ്മ ശ്രമിച്ചു. പക്ഷേ, വിട്ടുപോകാൻ ഷാരോണിന് താത്പര്യമുണ്ടായിരുന്നില്ല. പിന്നാലെയാണ് ഗ്രീഷ്മ കൊലപാതകം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. കൊല നടത്താൻ സഹായിച്ചുവെന്നാണ് അമ്മ സിന്ധുവിനെതിരേയും അമ്മാവൻ നിർമൽകുമാർ നായർക്കെതിരേയുമുള്ള കുറ്റം.

മെഡിക്കൽ കോളേജ് അദ്ധ്യാപികക്കെതിരെ വിദ്യാർത്ഥി

കോട്ടയം: അദ്ധ്യാപിക മാനസികമായി പീഡിപ്പിക്കുന്നുവെന്ന് കോട്ടയം മെഡിക്കൽ കോളേജ് വിദ്യാർത്ഥി. ഫോറൻസിക് വിഭാഗം മേധാവി ഡോ. ലിസ ജോണിനെതിരെയാണ് ഫോറൻസിക് മൂന്നാം വർഷ വിദ്യാർത്ഥി വിനീത് കുമാർ പരാതി നൽകിയത്. തെറിയും അശ്ലീലവും കലർന്ന പരാമർശങ്ങളും ഡോ. ലിസ പറഞ്ഞതായും പരാതിയിൽ വിനീത് പറഞ്ഞിട്ടുണ്ട്. തനിക്കെതിരെ നിന്നാൽ പീഡനക്കേസിൽ കുടുക്കുമെന്നും പരീക്ഷയിൽ തോൽപ്പിക്കുമെന്നും ലിസ ഭീഷണിപ്പെടുത്തിയതായും വിനീത് ആരോപിച്ചു.

ഉമാ തോമസിനെ മുഖ്യമന്ത്രി ആശുപത്രിയിൽ സന്ദർശിച്ചു

കൊച്ചി: കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ നൃത്ത പരിപാടിയുടെ ഉദ്ഘാടന വേദിയിൽനിന്ന് വീണ് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ഉമ തോമസ് എം.എൽ.എയെ കാണാൻ മുഖ്യമന്ത്രി പിണറായി വിജയൻ ആശുപത്രിയിൽ എത്തി. മന്ത്രി, കെ.എൻ. ബാലഗോപാൽ, സി.പി.എം. ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ അടക്കമുള്ള നേതാക്കൾക്കൊപ്പമാണ് മുഖ്യമന്ത്രി കൊച്ചിയിലെ റിനൈ മെഡിസിറ്റി ആശുപത്രിയിൽ എത്തിയത്. സി.പി.എം. കേന്ദ്ര കമ്മിറ്റി യോഗങ്ങൾക്കായി കൊൽക്കത്തയിലേക്ക് തിരിക്കുംമുമ്പാണ് ഉമാ തോമസിനെ കാണാനെത്തിയത്.

ഗുരുതരമായി പരിക്കേറ്റ എം.എൽ.എയെ കഴിഞ്ഞ ദിവസം വെന്റിലേറ്ററിൽനിന്ന് മാറ്റിയിരുന്നു. മുഖ്യമന്ത്രി മുറിയിലെത്തി എം.എൽ.എയെ കണ്ടു. ആരോഗ്യവിവരം ചോദിച്ചറിഞ്ഞു. ഒരാഴ്ച കൂടെ ചികിത്സയിൽ കഴിഞ്ഞശേഷം സാഹചര്യങ്ങൾ വിലയിരുത്തി വീട്ടിലേക്ക് വിടുന്ന കാര്യം പരിശോധിക്കാമെന്നാണ് ഡോക്ടർമാർ അഭിപ്രായപ്പെടുന്നത്.

15 അടി ഉയരമുള്ള വേദിയിൽനിന്ന് വീണ ഉമാ തോമസ് എം.എൽഎ.യ്ക്ക് തലയ്ക്കും നട്ടെല്ലിനും ശ്വാസകോശത്തിനും വാരിയെല്ലുകൾക്കുമാണ് പരിക്കേറ്റത്. ഡിസംബർ 31-ന് തലച്ചോറിന്റെയും നട്ടെല്ലിന്റെയും പരിക്കുകളിൽ പുരോഗതി കാണിച്ചു തുടങ്ങിയിരുന്നു. സർക്കാർ നിയോഗിച്ച ഡോ. ടി.കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള എറണാകുളം, കോട്ടയം മെഡിക്കൽ കോളേജുകളിലെ വിദഗ്ധ സംഘവും ആശുപത്രിയിലെ മെഡിക്കൽ ബോർഡിനൊപ്പം ചികിത്സ വിലയിരുത്തുന്നുണ്ട്.

ഗ്രീഷ്മയ്ക്കെതിരായ കുറ്റങ്ങളെല്ലാം തെളിഞ്ഞു; സിന്ധുവിനെതിരായ തെളിവ് ഹാജരാക്കുന്നതിൽ പരാജയപ്പെട്ടു

തിരു: പാറശ്ശാലയിലെ ഷാരോൺരാജ് കൊലപാതകക്കേസിൽ ഗ്രീഷ്മയ്ക്കെതിരെ ചുമത്തിയ കുറ്റങ്ങൾ എല്ലാം തെളിഞ്ഞുവെന്നാണ് വിധി പ്രസ്താവനത്തിൽ കോടതി വ്യക്തമാക്കിയത്. തട്ടിക്കൊണ്ടുപോകൽ, വിഷംകൊടുത്തുള്ള കൊലപാതകം, തെളിവുനശിപ്പിക്കൽ, പോലീസിനെ തെറ്റിദ്ധരിപ്പിക്കൽ എന്നീ കുറ്റങ്ങളാണ് ഗ്രീഷ്മയ്ക്കെതിരെ ചുമത്തിയത്.

തെളിവ് നശിപ്പിക്കുന്നതിന് അമ്മാവനെ സഹായിച്ചു എന്നാണ് അമ്മ സിന്ധുവിനെതിരായ കുറ്റം. എന്നാൽ, ഇത് തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു. തെളിവിന്റെ അഭാവത്തിലാണ് സിന്ധുവിനെ വെറുതേവിട്ടത്. അതേസമയം, ഷാരോണിന് കഷായത്തിൽ കലർത്തി നൽകിയ കളനാശിനിയുടെ കുപ്പി നശിപ്പിച്ച അമ്മാൻ നിർമല കുമാരൻ നായരെ കുറ്റക്കാരനാണെന്ന് കണ്ടെത്തി. ഏഴുവർഷംവരെ തടവ് ശിക്ഷി ലഭിക്കാവുന്ന കുറ്റമാണ് നിർമലകുമാരൻ നായർ ചെയ്തതെന്ന് പ്രോസിക്യൂഷൻ അഭിഭാഷകൻ പറഞ്ഞു.

ശിക്ഷാവിധി ശനിയാഴ്ച പ്രഖ്യാപിക്കും. ശിക്ഷയെ സംബന്ധിച്ച് പ്രതിഭാഗത്തിന്റേയും പ്രോസിക്യൂഷന്റേയും വാദം കേട്ടശേഷമായിരിക്കും ശിക്ഷ തീരുമാനിക്കുക. നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് ജഡ്ജ് എ.എം. ബഷീറാണ് വിധി പ്രഖ്യാപിച്ചത്.

2022 ഒക്ടോബറിലാണ് കേസിനാസ്പദമായ സംഭവം. ഒക്ടോബർ 14-ന് ഷാരോൺരാജിന് വിഷം കലർത്തിയ കഷായം നൽകി. ഒക്ടോബർ 25-ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിക്കുകയായിരുന്നു.

ചേന്ദമംഗലത്തെ കൂട്ടക്കൊല നടത്തിയ പ്രതി കൊടും ക്രിമിനൽ'

പറവൂർ: കേരളജനതയെ ഒന്നടങ്കം ഞെട്ടിച്ച സംഭവമാണ് കഴിഞ്ഞ ദിവസം ചേന്ദമംഗലത്തുണ്ടായത്. ഒരു കുടുംബത്തിലെ മൂന്ന് പേരെയാണ് ലഹരിക്കടിമയായ അയൽവാസി റിതു ജയൻ ക്രൂരമായി അടിച്ചുകൊന്നത്. വൈരാഗ്യത്തിന്റെ പേരിലായിരുന്നു കൊലപാതകമെന്ന് പ്രതി പൊലീസിൽ മൊഴി നൽകിയിട്ടുണ്ട്. ചേന്ദമംഗലം പേരേപ്പാടം കാട്ടിപ്പറമ്പിൽ വേണു കണ്ണൻ(60), ഭാര്യ ഉഷ (52), മകൾ വിനിഷ (32) എന്നിവരാണ് കൊല്ലപ്പെട്ടത്. ആക്രമണത്തിൽ വിനിഷയുടെ ഭർത്താവ് ജിതിൻ ബോസിനും (36) പരിക്കേറ്റിട്ടുണ്ട്.

ഇപ്പോഴിതാ റിതുവിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്തുവന്നിരിക്കുകയാണ്. അയൽവാസികൾ തന്നെയാണ് പ്രതിയുടെ ഗുണ്ടാ പശ്ചാത്തലത്തെക്കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്നത്. ലഹരി ഉപയോഗിച്ചാൽ റിതു എന്തും ചെയ്യുമെന്നാണ് അയൽവാസികൾ പറയുന്നത്.

'ചെറിയ പ്രായം മുതൽക്കേ റിതുവിന് ക്രിമിനൽ പശ്ചാത്തലമുണ്ട്. അന്നേ ലഹരി ഉപയോഗിക്കുമായിരുന്നു. അടിപിടി കേസിലും ഉൾപ്പെട്ടിട്ടുണ്ട്. ഏത് പ്രായത്തിലുള്ള സ്ത്രീകളോടും മോശമായി പെരുമാറും. അപവാദങ്ങൾ പ്രചരിപ്പിക്കാറുണ്ട്. അതുകൊണ്ടുതന്നെ എല്ലാവർക്കും ഇയാളോട് ദേഷ്യമാണ്. ശല്യം കാരണമാണ് പ്രദേശത്ത് സിസിടിവി ക്യാമറ സ്ഥാപിച്ചത്. ലഹരി ഉപയോഗിച്ചാൽ എന്തും ചെയ്യും. അതാണ് അവന്റെ രീതി. സാധാരണ ഇയാൾ പ്രശ്നങ്ങൾ ഉണ്ടാക്കുമ്പോൾ അച്ഛനും അമ്മയുമാണ് നാട്ടുകാരോട് ക്ഷമ ചോദിക്കാറുള്ളത്.

പ്രശ്നങ്ങൾ ഉണ്ടാക്കിയതിനെ തുടർന്ന് പലരും റിതുവിനെതിരെ പൊലീസിൽ പരാതി നൽകിയിരുന്നു. എന്നാൽ മാനസിക രോഗമുണ്ടെന്ന സർട്ടിഫിക്കറ്റ് കൈവശമുള്ളതിനാൽ അത് ഹാജരാക്കി രക്ഷപ്പെടുമായിരുന്നു.

കല്ലേറിയലും പട്ടിയുടെ പേരുപറഞ്ഞുള്ള വഴക്കിടലുമായിരുന്നു അവൻ കൂടുതലും ചെയ്തിരുന്നത്. ഒരു ദിവസം റിതു ഇരുമ്പുവടിയുമായി അക്രമിക്കാൻ വന്നു. അന്ന് ഫോട്ടോയെടുത്ത് പൊലീസിനെ അറിയിച്ചു. കാപ്പ ചുമത്തുമെന്ന് പൊലീസ് പറഞ്ഞെങ്കിലും ഒരു നടപടിയുമുണ്ടായില്ല. അമ്മയുടെ പിന്തുണ റിതുവിന് എപ്പോഴും ഉണ്ടായിരുന്നു. അക്രമം നടത്തി കിട്ടുന്ന പണം ഇയാൾ അമ്മയെയാണ് ഏൽപ്പിച്ചിരുന്നത്'- അയൽവാസി വ്യക്തമാക്കി.

നാദാപുരം ഷിബിൻ വധക്കേസ് പ്രതികളായ യൂത്ത് ലീഗ് പ്രവർത്തകരെ ജയിലിൽ സന്ദർശിച്ച് മുഈനലി ഷിഹാബ് തങ്ങൾ

കോഴിക്കോട്: നാദാപുരം ഷിബിൻ വധക്കേസിൽ ജയിലിൽ കഴിയുന്ന യൂത്ത് ലീഗ് പ്രവർത്തകരെ ജയിലിലെത്തി സന്ദർശിച്ച് യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡന്റ് മുഈനലി ഷിഹാബ് തങ്ങൾ. യൂത്ത് ലീഗ് നാദാപുരം നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ഇ. ഹാരിസിനൊപ്പമാണ് മുഈനലി തങ്ങൾ തവനൂർ സെൻട്രൽ ജയിലിൽ എത്തിയത്.

പ്രതികളുടെ നിരപരാധിത്വം തെളിയിക്കാൻ മുസ്ലീം ലീഗ് രാജ്യസഭാംഗം അഡ്വ ഹാരിസ് ബീരാന്റെ നേതൃത്വത്തിൽ സുപ്രീം കോടതിയിൽ നിയമനടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ജയിലിന് മുമ്പിലുള്ള ഫോട്ടോയ്ക്കൊപ്പം മുഈനലി ഷിഹാബ് തങ്ങൾ ഫേസ്ബുക്കിൽ കുറിച്ചു.

2015 ജനുവരി 22-നാണ് കോഴിക്കോട് തൂണേരി സ്വദേശിയും ഡിവൈഎഫ്ഐ പ്രവർത്തനുമായിരുന്ന ഷിബിൻ കൊല്ലപ്പെട്ടത്. കേസിലെ മുഴുവൻ പ്രതികളേയും വിചാരണ കോടതി വെറുതെ വിട്ടിരുന്നെങ്കിലും 2024 ഒക്ടോബർ 15-ന് ഹൈക്കോടതി ജീവപര്യന്തം തടവിന് ശിക്ഷിക്കുകയായിരുന്നു. പ്രതികളായ തെയ്യമ്പാടി ഇസ്മായിൽ, മുനീർ, കുനിയിൽ സിദ്ദിഖ്, മണിയന്റവിട മുഹമ്മദ് അനീസ്, കുനി ശുഹൈബ്, ജാസിം, സമദ് എന്നിവരാണ് തവനൂർ ജയിലിൽ കഴിയുന്നത്.

സെയ്ഫ് അലി ഖാനെ ആക്രമിച്ചുവെന്ന് കരുതുന്നയാൾ പിടിയിൽ

മുംബയ്: നടൻ സെയ്ഫ് അലി ഖാനെ വീട്ടിൽ കയറി ആക്രമിച്ചതായി സംശയിക്കുന്നയാൾ പിടിയിൽ. അക്രമം നടന്ന് രണ്ട് രാത്രികൾ പിന്നിടുമ്പോഴാണ് അക്രമി എന്ന് സംശയിക്കുന്നയാൾ പിടിയിലാകുന്നത്. എന്നാൽ ഇയാൾ തന്നെയാണ് ബാന്ദ്രയിലെ വീട്ടിലെത്തി നടനെ മാരകമായി കുത്തി പരിക്കേൽപ്പിച്ചതെന്ന് ഉറപ്പില്ല. പൊലീസ് അക്കാര്യം സ്ഥിരീകരിച്ചിട്ടോ ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടോ ഇല്ല. നിലവിൽ ബാന്ദ്ര പൊലീസ് സ്റ്റേഷനിലാണ് ഇയാൾ ഉള്ളത്.

സിസിടിവി ദൃശ്യങ്ങളിൽ നിന്നാണ് പ്രതിയെന്ന് സംശയിക്കുന്നയാളുടെ ദൃശ്യങ്ങൾ പൊലീസിന് ലഭിച്ചത്. കൃത്യത്തിന് ശേഷം ബാന്ദ്ര റെയിൽവേ സ്റ്റേഷൻ പരിസരത്താണ് ഇയാൾ എത്തിയത്. തുടർന്ന് വസ്ത്രങ്ങൾ മാറി രക്ഷപ്പെടുകയായിരുന്നു. 20 അംഗങ്ങളായി തിരിഞ്ഞാണ് പൊലീസ് അന്വേഷണം ആരംഭിച്ചത്. വാസായി, നാലാസൊപാര എന്നിവിടങ്ങളിൽ വ്യാപകമായ അന്വേഷണം നടത്തിയിരുന്നു.

ബാന്ദ്രയിലെ സദ്ഗുരു ശരൺ എന്ന 12 നിലക്കെട്ടിടത്തിലെ സെയ്ഫിന്റെ വീട്ടിലാണ് മോഷണ ശ്രമത്തിനിടെ അക്രമം നടന്നത്. ആറ് തവണ നടന് കുത്തേറ്റു. വീടിനെ കുറിച്ച് നന്നായി മനസിലാക്കിയ അക്രമിക്ക് വീട്ടിനുള്ളിൽ നിന്നു തന്നെ സഹായം ലഭിച്ചിട്ടുണ്ടെന്നാണ് പൊലീസ് പറയുന്നത്. അക്രമിയുമായി നടന്ന സംഘട്ടനത്തിനിടെയാണ് സെയ്ഫിന് കുത്തേറ്റത്. തുടർന്ന് മൂത്ത മകനായ ഇബ്രാഹിം ആണ് ഓട്ടോയിൽ നടനെ ആശുപത്രിയിലെത്തിച്ചത്. നിലവിൽ സെയ്ഫ് അപകടനില തരണം ചെയ്തതായി ആശുപത്രി അധികൃതർ അറിയിച്ചിട്ടുണ്ട്.

'ഗ്രീഷ്മയുടെ അമ്മയെ വെറുതേവിടരുതായിരുന്നു'; ഹൈക്കോടതിയെ സമീപിക്കുമെന്ന് ഷാരോണിന്റെ മാതാപിതാക്കൾ

തിരു : ഷാരോൺ കൊലക്കേസ് വിധിയിൽ പ്രതികരിച്ച് ഷാരോണിന്റെ മാതാപിതാക്കൾ. ഗ്രീഷ്മയുടെ അമ്മ സിന്ധുകുമാരി കുറ്റക്കാരിയല്ലേയെന്നും അവരെ എന്തിന് വെറുതെവിട്ടെന്നും ഷാരോണിന്റെ അമ്മ ചോദിച്ചു. ഹൈക്കോടതിയെ സമീപിക്കുമെന്ന് ഷാരോണിന്റെ പിതാവ് ജയരാജും പറഞ്ഞു. പ്രതികൾ കുറ്റക്കാരെന്ന് കോടതി കണ്ടെത്തിയതിന് പിന്നാലെ മാധ്യമങ്ങളോടു പ്രതികരിക്കുകയായിരുന്നു അവർ.

ഗ്രീഷ്മയുടെ അമ്മയും കൂടി ചേർന്നല്ലേ എല്ലാം ചെയ്തത്. അവരെ വെറുതെ വിടരുതായിരുന്നു. ഗ്രീഷ്മയ്ക്കും അമ്മയ്ക്കും അമ്മാവനും ശിക്ഷ നൽകണമായിരുന്നെന്നും ഷാരോണിന്റെ അമ്മ പറഞ്ഞു.

ഷാരോൺ കൊലക്കേസിൽ ഒന്നും മൂന്നും പ്രതികളായ ഗ്രീഷ്മയും അമ്മാവൻ നിർമലകുമാരൻ നായരും കുറ്റക്കാരാണെന്ന് നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി കണ്ടെത്തിയിരുന്നു. അതേസമയം, രണ്ടാംപ്രതി സിന്ധുവിനെ വെറുതെവിട്ടു. ശനിയാഴ്ചയാണ് കോടതി ഇവർക്കുള്ള ശിക്ഷ പ്രഖ്യാപിക്കുക.

ഹൈക്കോടതിയിൽ പോകുമോ എന്നകാര്യത്തിൽ നാളത്തെ വിധിക്കു ശേഷം തീരുമാനം എടുക്കുമെന്ന് ഷാരോണിന്റെ അച്ഛൻ ജയരാജ് പറഞ്ഞു. ഗ്രീഷ്മ കുറ്റക്കാരിയെന്ന് കണ്ടെത്തിയതിൽ സന്തോഷമുണ്ട്. സിന്ധുവിനെ ശിക്ഷിക്കാത്തതിൽ വിഷമമുണ്ട്. ഹൈക്കോടതിയെ സമീപിക്കാൻ പരമാവധി ശ്രമിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോടതി പരസ്യം

ബഹു. തൃശൂർ ജില്ലാ കോടതി മുമ്പാകെ

GOP: 307/2024

1) Sabeena, aged 39 years, Holding Aadar Card Bearing Number 8907 0185 2642, W/o. Riyaz, Puzhangarayillath House, Muthuvattor Desom, Guruvayoor Village, Chavakkad Taluk, Thrissur District, P.O. Muthuvattor Pin-680506

2) Puzhangarayillath Mundanathayil Nazimudheen, aged 71 years, Holding Aadar Card Bearing Number 6187 9601 9962, S/o. R.V. Kunhimon, Puzhangarayillath House, Muthuvattor Desom, Guruvayoor Village, Chavakkad Taluk, Thrissur District, P.O. Muthuvattor Pin-680506

3) Kadeeja, aged 62 years, Holding Aadar Card Bearing Number 4543 2312 7002, W/o. Nazimudheen, Puzhangarayillath House, Muthuvattor Desom, Guruvayoor Village, Chavakkad Taluk, Thrissur District, P.O. Muthuvattor Pin-680506

-Petitioners

1) Mohammed Rayyan Riyaz, aged 12 years, Holding Aadar Card Bearing Number 8866 9381 3191, C/o. Riyaz Nazimudheen, Mythree Puzhangarayillath House, Muthuvattor Desom, Guruvayoor Village, Chavakkad Taluk, Thrissur District, P.O. Muthuvattor Pin-680506 (Date of Birth 15-11-2010)

2) Mehza Mariyam, aged 9 years, Holding Aadar Card Bearing Number 4107 5913 9495, D/o. Riyaz Nazimudheen, Mythree, Puzhangarayillath House, Muthuvattor Desom, Guruvayoor Village, Chavakkad Taluk, Thrissur District, P.O. Muthuvattor Pin-680506 (Date of Birth 26-02-2015)

-Minors

മേൽ നമ്പർ ഹരജിയിൽ ഹരജി പട്ടിക വഹകളെ സംബന്ധിച്ച് ഭാഗാധാരം ജനിപ്പിക്കുന്നതിനായി അമ്മയെ (ഒന്നാം ഹരജിക്കാരിയെ) മൈനർമാരുടെ ദേഹത്തിനും സ്വത്തുക്കൾക്കും രക്ഷിതാവായി നിയമിച്ച് ഉത്തരവാകണമെന്ന് അപേക്ഷിച്ച് ബോധിപ്പിച്ച മേൽ നമ്പർ ഹരജി **24-01-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആയതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്

എന്ന്, 12-01-2025
ഹരജിഭാഗം അഡ്വക്കേറ്റ്
ബിജു ജോസഫ് എടക്കളത്തൂർ (ഒപ്പ്)

എം.ജി.റോഡ് വികസനം യാഥാർത്ഥ്യമാകുന്നു
സൗജന്യമായി ഭൂമി വിട്ടുനൽകി മലബാർ ഗോൾഡ്

തൃശ്ശൂർ കോർപ്പറേഷന്റെ സ്വപ്ന പദ്ധതിയായ എം.ജി. റോഡ് വികസനം യാഥാർത്ഥ്യമാവുകയാണ്. ഇതോടെ കാൽ നൂറ്റാണ്ടിലേ റെയുള്ള തൃശ്ശൂർ ജനതയുടെ കാത്തിരിപ്പിന് വിരാമമാകും. തൃശ്ശൂർ നഗരത്തിന്റെ ഹൃദയഭൂമിയായ സ്വരാജ് റൗണ്ടിലേയ്ക്കുള്ള പ്രധാന പാതയായ എം.ജി.റോഡിലെ ഗതാഗത കുരുക്ക് നഗരത്തെയാകെതന്നെ ബാധിക്കുന്ന വിധത്തിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരുന്നത്. ഇതിന് ശാശ്വത പരിഹാരമായി എം.ജി.റോഡിലെ താമസക്കാരുമായും കെട്ടിട ഉടമകളുമായും കച്ചവടക്കാരുമായും നടത്തിയ നിരന്തര ചർച്ചയുടെ ഭാഗമായി മുഴുവൻ ആളുകളേയും വിശ്വാസത്തിലെടുത്തും നിയമ നടപടികൾ തീർപ്പാക്കിയുമാണ് എം.ജി.റോഡ് വികസനം സാധ്യമാക്കുന്നത്. ഇതിന്റെ ഭാഗമായി ശങ്കരയ്യർ റോഡ് ജംഗ്ഷനിലുള്ള മലബാർ ഗോൾഡ് ഉടമകൾ വികസനത്തിനായി തങ്ങളുടെ സ്ഥാപന ത്തിന്റെ മുന്നിലുള്ള 1/2 സെൻറിലേറെ ഭൂമി സൗജന്യമായി കോർപ്പറേഷന് വിട്ടുനൽകി. മറ്റു ഭൂഉടമകളും ഇത്തരത്തിൽ ഭൂമി സൗജന്യമായി വിട്ടുനൽകാൻ തയ്യാറായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എം.ജി.റോഡ് വീതികൂട്ടുന്നതിനാവശ്യമായ നടപടികൾ ഉടനടി ആരംഭിക്കുന്നതാ ണെന്ന് മേയർ അറിയിച്ചു.

മഹാത്മാ പാദമുദ്ര @91നീഡ്സിന്റെ ആഭിമുഖ്യത്തിൽ അനുസ്മരണ പദയാത്രയും ഗാന്ധി സംഗമവും ഇന്ന്

ഇരിങ്ങാലക്കുട: മഹാത്മാ ഗാന്ധിയുടെ ഇരിങ്ങാലക്കുട സന്ദർശനത്തിന്റെ ഭാഗമായി നീഡ്സ് നടത്തുന്ന അനുസ്മരണ പദയാത്രയും ഗാന്ധിസംഗമവും ഇന്ന് നടക്കും. ഗാന്ധി പ്രസംഗിച്ച ചളിയംപാടത്തു നിന്നും 3.30 ന് ആരംഭിക്കുന്ന പദയാത്ര അദ്ദേഹം വിശ്രമിച്ച ഇന്നത്തെ റസ്റ്റ് ഹൗസിൽ സ്ഥാപിച്ചിട്ടുള്ള ഗാന്ധി സ്മൃതി മണ്ഡപത്തിൽ സമാപിക്കും. തുടർന്ന് അനുസ്മരണ സമ്മേളനം പ്രമുഖ ഗാന്ധിയൻ പി.വി.കൃഷ്ണനെ നായർ ഉദ്ഘാടനം ചെയ്യും .നീഡ്സ് പ്രസിഡന്റ് തോമസ് ഉണ്ണിയാടൻ അധ്യക്ഷത വഹിക്കുമെന്ന് നീഡ്സ് അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി ഗുലാം മുഹമ്മദ്, കോ ഓഡിനേറ്റർ കെ.പി.ദേവദാസ് എന്നിവർ അറിയിച്ചു.

കേരളത്തിലെ ഡെയ്കിൻ എ.സി. നമ്പർ 1 ഡീലറിനുള്ള അവാർഡ് ഡെയ്കിൻ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ഷോഗോ ആൻഡോയിൽ നിന്നും നന്തിലത്ത് ഗ്രൂപ്പ് ചെയർമാൻ ഗോപു നന്തിലത്തും സി.ഇ.ഒ പി.എ. സുബൈറും ചേർന്ന് സ്വീകരിക്കുന്നു. ഡെയ്കിൻ സീനിയർ വൈസ് പ്രസിഡന്റ് & ഡയറക്ടർ സഞ്ജയ് ഗോയൽ, സീനിയർ വൈസ് പ്രസിഡന്റുമാരായ എൻ. കെ. റാവു, ജ്യോതിൻ ഭാസിൻ, വിശാൽ നായർ, കേരള ബ്രാഞ്ച് ഹെഡ് ആയ സുജിത് ശശിധരൻ എന്നിവർ സമീപം.

കേരള സിറ്റിസൺ ഫോറം വയോജന അവകാശ പ്രഖ്യാപന കൺവെൻഷൻ നടത്തി

തൃശൂർ : എല്ലാ മുതിർന്ന പൗരന്മാർക്കും മാന്യമായി ജീവിക്കാൻ കഴിയുംവിധം പ്രതിമാസം 10,000 രൂപ പെൻഷൻ ലഭിക്കാൻ സർക്കാർ നിയമനിർമ്മാണം നടത്തണമെന്നും രാഷ്ട്രീയ പാർട്ടികൾ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കണമെന്നും കേരള സിറ്റിസൺ ഫോറം സംഘടിപ്പിച്ച വയോജന അവകാശ പ്രഖ്യാപന കൺവെൻഷൻ ആവശ്യപ്പെട്ടു.

സാഹിത്യ അക്കാദമി ഹാളിൽ നടന്ന കൺവൻഷൻ മുൻ നിയമസഭ ചീഫ് വിപ്പ് അഡ്വ. തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. ഫോറം സംസ്ഥാന പ്രസിഡണ്ട് എ.സി. സുരേഷ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി റവ ഫാ. ജോർജ് മാത്യൂ മുഖ്യ പ്രഭാഷണം നടത്തി. കെ. പി .എം . എസ് . സംസ്ഥാന വൈസ് പ്രസിഡന്റ് പി എൻ സുരൻ, ഒ .ഐ . ഒ .പി .സംസ്ഥാന വർക്കിങ് പ്രസിഡന്റ് എൻ. രാധാകൃഷ്ണൻ, ലോനപ്പൻ ചക്കച്ചാംപറമ്പിൽ, പി എം കെ ബാവ , പോൾ ജേക്കബ്, എ. ഇ സാബിറ, ജിതിൻ സദാനന്ദൻ, ഫ്രാൻസിസ് പിൻഹിറോ, ജോണി വാളൂർ, ജോഷി വർക്കി, ഹസീന നിഷാബ് എന്നിവർ പ്രസംഗിച്ചു.

ഫോറം സെക്രട്ടറി ഡോ. മാർട്ടിൻ പി പോൾ സ്വാഗതവും ട്രഷറർ ജോഷി ജോർജ് നന്ദിയും പറഞ്ഞു. വയോജനങ്ങൾക്ക് സൗജന്യമായി ചികിത്സ, ഭക്ഷണം, യാത്ര , താമസം എന്നിവ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു.

കഞ്ചിക്കോട് മദ്യനിർമ്മാണ ശാല അനുവദിച്ച മന്ത്രിസഭ തീരുമാനം ദുരൂഹം; വിശദാംശങ്ങൾ സർക്കാർ വെളിപ്പെടുത്തണം; അഴിമതി അനുവദിക്കില്ല

തിരു: പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കൊമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് അനുമതി നൽകിയുള്ള മന്ത്രിസഭ തീരുമാനം ദുരൂഹമാണ്. രാജ്യത്തെ പ്രമുഖ മദ്യ നിർമ്മാണ കമ്പനികളിൽ ഒന്നായ ഒയാസിസിന് ബ്രൂവറി അടക്കം അനുവദിക്കാനുള്ള തീരുമാനം എന്ത് അടിസ്ഥാനത്തിൽ ആണെന്ന് സർക്കാർ വ്യക്തമാക്കണം. ഒരു കമ്പനിയെ മാത്രം എങ്ങനെ തിരഞ്ഞെടുത്തുവെന്നും മാനദണ്ഡങ്ങൾ എന്താണെന്നും സർക്കാർ പൊതുസമൂഹത്തോട് പറയണം. മദ്യ നിർമ്മാണത്തിന്റെ പേരിലുള്ള അഴിമതി പ്രതിപക്ഷം അനുവദിക്കില്ല.

26 വർഷമായി സംസ്ഥാനത്ത് മദ്യ നിർമാണശാലകൾ അനുവദിക്കുന്നില്ല. ആരെങ്കിലും അപേക്ഷിച്ചാൽ മദ്യനിർമാണശാലകൾ അനുവദിക്കേണ്ടതില്ലെന്നും 1999 ലെ നയപരമായ തീരുമാനം എടുത്തിട്ടുണ്ടെന്നും പറഞ്ഞ് നിരസരിക്കുകയായിരുന്നു പതിവ്. 2018 ലും ബ്രൂവറി അനുവദിക്കാൻ ഒളിച്ചും പാത്തും സർക്കാർ നീക്കം നടത്തിയിരുന്നു. അത് പ്രതിപക്ഷം പൊളിച്ചു. അന്ന് പൊളിഞ്ഞ അഴിമതി നീക്കം തുടർ ഭരണത്തിന്റെ അഹങ്കാരത്തിൽ വീണ്ടും നടത്താനാണ് പിണറായി സർക്കാർ ശ്രമിക്കുന്നത്.

1999 മുതൽ കൈക്കൊണ്ടിരുന്ന നിലപാടിൽ എങ്ങിനെ മാറ്റം വന്നു എന്നും ഇപ്പോൾ ഈ കമ്പനിയെ മാത്രം തിരഞ്ഞെടുത്തതും ദുരൂഹത വർധിപ്പിക്കുന്നു. ജല ദൗർലഭ്യം രൂക്ഷമായ പാലക്കാടിനെ ഈ യൂണിറ്റ് എങ്ങിനെ ബാധിക്കുമെന്ന ആശങ്കയും ഉണ്ട്. ഭൂഗർഭ ജലം ഊറ്റിയെടുത്ത കൊക്ക കോള കമ്പനിയെ വർഷങ്ങൾ നീണ്ട സമരത്തിനൊടുവിലാണ് പ്ലാച്ചിമടയിൽ നിന്നും പുറത്താക്കാനായത്. അത്തരമൊരു സ്ഥിതിവിശേഷം വീണ്ടും ഉണ്ടാക്കരുത്.

സർക്കാരിന്റെ പ്രഖ്യാപിത നയപരിപാടിക്ക് വിരുദ്ധമായാണ് ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം. സുതാര്യമല്ലാത്ത ഈ തീരുമാനത്തിനു പിന്നിൽ വൻ അഴിമതി നടന്നിട്ടുണ്ടെന്ന് വ്യക്തം.

കവർച്ച കേസ്സിലെ പ്രതിയെ കാപ്പ ചുമത്തി ജയിലിലടച്ചു

തൃശൂർ ജില്ലയിലെ കുപ്രസിദ്ധ ഗുണ്ടയും, കവർച്ചാ കേസ്സിലെ പ്രതിയുമായ മതിലകം പൊന്നാംപടി കോളനി സ്വദേശി വട്ടപ്പറമ്പിൽ വീട്ടിൽ അലി അഷ്ക്കറിനെയാണ് (26 വയസ്സ്) കാപ്പ ചുമത്തി ജയിലിലടച്ചത്. ഹണി ട്രാപ്പിൽപ്പെടുത്തി പൂങ്കുന്നം സ്വദേശിയെ തട്ടി കൊണ്ട് പോയി കവർച്ച നടത്തിയ കേസ്സിലെ പ്രധാന പ്രതിയാണ്. ഈ കേസ്സിൽ ജാമ്യത്തിൽ ഇറങ്ങുവാൻ ഇരിക്കെയാണ് കാപ്പ ചുമത്തിയത്. കവർച്ചാ കേസ്സിലെ പ്രതികളായ കൈപ്പമംഗലം തിണ്ടിക്കൽ ഹസീബ്, മതിലകം സ്വദേശി ഊളക്കൽ സിദ്ദിക്ക് എന്നിവരെ മുൻ ദിവസങ്ങളിൽ കാപ്പ ചുമത്തി ജയിലിലടച്ചിരുന്നു. 2022ൽ വാടാനപ്പിള്ളിയിൽ അടയ്ക്കാ കടയിൽ നിന്നും 115 കിലോ അടക്ക മോഷണം നടത്തിയ കേസ്സിലും, 2022ൽ ചാലക്കുടിയിൽ ബൈക്ക് മോഷണം ചെയ്ത കേസ്സിലും, 2023ൽ തൃശൂർ ശക്തൻ നഗറിൽ വെച്ച് മധ്യവയസ്ക്കനെ ആക്രമിച്ച് 2 പവന്റെ സ്വാരണ്ണാഭരണം കവർച്ച് ചെയ്ത കേസ്സിലും, 2019, 2020, 2021 വർഷങ്ങളിൽ മതിലകം പോലീസ് സ്റ്റേഷൻ പരിധിയിൽ കൊലപാതക ശ്രമം നടത്തിയ കേസ്സിലെ പ്രതിയും, 2021ൽ വാടാനപ്പിള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന POCSO കേസ്സിലെ പ്രതിയുമാണ്. ടിയാന്റെ പേരിൽ നിലവിൽ 11 ഓളം കേസ്സുകൾ ഉണ്ട്. തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി B. കൃഷ്ണകുമാർ IPS ന്റെ ശുപാർശയിൽ തൃശൂർ ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ IPSആണ് തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചത്. മതിലകം പോലീസ് ഇൻസ്പെക്ടർ ഷാജി, സബ്ബ് ഇൻസ്പെക്ടർ രമ്യാ കാർത്തികേയൻ, അടക മാരായ വിൻസി, തോമസ് എന്നിവർ കാപ്പ ചുമത്തുന്നതിലും പ്രതിയെ അറസ്റ്റ് ചെയ്യുന്നതിലും പ്രധാന പങ്ക് വഹിച്ചു.

പത്താം ക്ലാസ് തോറ്റവർക്ക് ഇനിമുതൽ കെഎസ്ഇബിയിൽ ജോലിയില്ല

തൃശൂർ : പത്താം ക്ലാസ് പരാജയപ്പെട്ടവർക്ക് ഇനിമുതൽ കെഎസ്ഇബിയിൽ ജോലികിട്ടില്ല. അടിസ്ഥാന തസ്തികയുടെ കുറഞ്ഞ യോഗ്യത പത്താം ക്ലാസും ഐടിഐയുമായി പരിഷ്കരിക്കാനാണ് തീരുമാനം. വേണ്ടത്ര വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർ ലക്ഷങ്ങൾ ശമ്പളം വാങ്ങുന്ന തസ്തികകളിലിരിക്കുന്നുവെന്ന പരാതി ഉയർന്നതോടെയാണ് കെഎസ്ഇബിയുടെ തീരുമാനം.

കെഎസ്ഇബിയിലെ എല്ലാ തസ്തികകളും പൊളിച്ചെഴുതുന്ന സ്പെഷ്യൽ റൂളിന് പിഎസ്‌സി മൂന്നു മാസത്തിനകം അംഗീകാരം നൽകിയേക്കും. സ്പെഷ്യൽ റൂളിന് അംഗീകാരം ലഭിച്ച ശേഷം നിയമനം നേടുന്നവർക്ക് മാത്രമായിരിക്കും ഇവ ബാധകം.

വൈദ്യുതി മേഖലയിലെ അപകടങ്ങൾ കുറയ്ക്കാൻ സാങ്കേതികമായി അറിവുള്ളവരെ മാത്രം നിയമിക്കണമെന്ന് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ നിർദേശമുണ്ട്. ഇതും കെഎസ്ഇബി മുൻപ് നടത്തിയ പഠനങ്ങളും അടിസ്ഥാനമാക്കിയാണ് സ്പെഷ്യൽ റൂളിൽ തസ്തി കകൾ പുനർനിർണയിച്ചത്. ഇനിമുതൽ പിഎസ്‌സി വഴി നിയമനം ലഭിക്കുന്നവർ ഭാവിയിൽ സ്ഥാനക്കയറ്റം നേടി ചീഫ് എൻജിനീയർ തസ്തിക വരെയെത്തുമ്പോൾ അതുവരെയുള്ള എല്ലാ തസ്തികകളുടെയും പേരും ചുമതലകളും മാറും.ജീവനക്കാർക്ക് സേവന കാലം പരിഗണിച്ച് കുറഞ്ഞത് മൂന്ന് ഗ്രേഡ് പ്രമോഷൻ ഉറപ്പാക്കുമെങ്കിലും യോഗ്യത അനുസരിച്ച് പരമാവധി പ്രമോഷൻ ലഭിക്കാവുന്ന ഗ്രേഡും നിശ്ചയിക്കും. തസ്തികകളുടെ എണ്ണം കുറയുന്നതിനാൽ ജീവനക്കാരെ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ വ്യത്യസ്ത ചുമതലകളും നൽകും.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ

OP(MV): 598/2018

Mr. Althaf alias Mohammed Althaf

-ഹരജിക്കാരൻ

Mr. Mujib, S/o. Majid, Kattuparambil House, Now residing at Poklai Desom, Koolimuttam Village & P.O., Kodungallur Taluk

-കൂടുതൽ 4-ാം എതൃകക്ഷി

മേൽ നമ്പർ കേസിൽ കൂടുതൽ 4-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിനും പത്രം വഴി പരസ്യം ചെയ്യുന്നതിനും അനുവദിച്ച് കേസ് **14-02-2025** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 16-01-2025
ഹരജിഭാഗം അഡ്വക്കെറ്റ്
എസ് ബോസ്കുമാർ (ഒപ്പ്)

ആറ്റത്ര സെന്റ് .ഫ്രാൻസിസ് പള്ളിയിലെ സംയുക്ത തിരുനാളിന്റെ കൊടിയേറ്റം ഫൊറാന വികാരി റവ.ഫാ. ജോഷി ആളൂർ നിർവഹിക്കുന്നു ജനുവരി 22, 23, 24 തിയ്യതികളിലാണ് തിരുനാൾ

പട്ടികജാതി യുവതിയെ ആക്രമിച്ച കേസ്: പ്രതിക്ക് തടവും പിഴയും

തൃശൂർ: പട്ടികജാതിയിൽ പെട്ട സ്ത്രീയോട് അപമര്യാദയായി പെരുമാറുകയും വീട്ടുമുറ്റത്തേക്ക് അതിക്രമിച്ച് കയറി കല്ലെടുത്തെറിഞ്ഞ് പരിക്കേൽപ്പിക്കുകയും ചെയ്ത പ്രതിയെ വിവിധ വകുപ്പുകളിലായി 6 വർഷവും 3 മാസവും തടവിനും 25500 രൂപ പിഴ അടയ്ക്കുന്നതിനും തൃശൂർ എസ്‌സി/എസ്ടി കേസുകൾക്കുള്ള പ്രത്യേക കോടതി ശിക്ഷ വിധിച്ചു.

കോടശ്ശേരി ചന്ദനക്കുന്ന് ദേശത്ത് തെക്കൻ വീട്ടിൽ 50 വയസ്സുള്ള ബിജു എന്നയാളേയാണ് വിവിധ വകുപ്പുകളിലായി 6 വർഷവും 3 മാസവും തടവിനും 25500 രൂപ വീതം പിഴ അടക്കുന്നതിനും എസ്‌സി/എസ്ടി സ്പെഷ്യൽ കോടതി ജഡ്ജ് കെ കമനീസ് ശിക്ഷ വിധിച്ചിരിക്കുന്നത്. പിഴ അടച്ചില്ലെങ്കിൽ 5 മാസവും 15 ദിവസവും അധിക തടവും അനുഭവിക്കേണ്ടി വരും. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറഞ്ഞു. പിഴ അടയ്ക്കുന്ന പക്ഷം, പ്രസ്തുത തുക ഇതിലെ പരാതിക്കാരിയ്ക്ക് നൽകുവാനും വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്. കേസിലെ തെളിവിലേക്കായി പ്രോസിക്യൂഷൻ ഭാഗത്ത് നിന്ന് 11 സാക്ഷികളെ വിസ്തരിക്കുകയും 11 രേഖകൾ ഹാജരാക്കുകയും ചെയ്തു.

2021 ൽ വെള്ളിക്കുളങ്ങര പോലിസ് രജിസ്റ്റർ ചെയ്ത കേസിൽ, ചാലക്കുടി DYSP ആയിരുന്ന C.R സന്തോഷ് പ്രാഥമികാന്വേഷണം നടത്തുകയും DYSP ജിജിമോൻ K.M അന്വേഷണം പൂർത്തിയാക്കി പ്രതിയ്ക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു. അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ സിജിത്ത്. E.S പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു, കേസിൽ പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. കൃഷ്ണൻ. A.K ഹാജരായി.

ആസാം സ്വദേശിയായ 19 കാരന് ജീവപരന്ത്യം തടവും പിഴയും

തൃശൂർ: 5 വയസുകാരനെ വെട്ടി കൊലപ്പെടുത്തുകയും അമ്മയെ വെട്ടി കൊല്ലാൻ ശ്രമിക്കുകയും ചെയ്ത ആസാം സ്വദേശിയായ 19 കാരനു ജീവപരന്ത്യം തടവും പുറമെ പിഴയും. പ്രതിക്ക് ജീവപന്ത്ര്യം തടവിനു പുറമെ വിവിധ വകുപ്പുകളായി 12 കൊല്ലം വേറെയും കഠിന തടവിനും 1 ലക്ഷത്തി 75,000/രൂപ പിഴയും വിധിച്ചു. കൂടാതെ മരണപ്പെട്ട കുഞ്ഞിന്റെ മാതാപിതാക്കൾക്ക് വിക്ടിം കോമ്പൻസേക്ഷൻ പ്രത്യേകം നൽകുവാൻ ലീഗൽ സർവ്വീസ് അതോറിറ്റിക്ക് നിർദ്ദേശം നൽകി. തൃശൂർ ഒന്നാം അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജി ടി.കെ. മിനിമോൾ ആണ് ശിക്ഷ വിധിച്ചത്.

30/03/2023 തിയ്യതി തൃശൂർ ജില്ലയിലെ മുപ്ലിയത്തുള്ള ഐശ്വര്യ കോൺക്രീറ്റ് ബ്രിക്സ് കമ്പനിയിൽ വെച്ചാണ് കേസിനാസ്പദമായ സംഭവം നടന്നത്. മരണപ്പെട്ട കുഞ്ഞിന്റെ അമ്മ നജ്മ ഖാത്തൂൺ അച്ഛൻ ബഹാരുൾ എന്നിവർ ബ്രിക്സ് കമ്പനിയിലെ ജോലിക്കാരായിരുന്നു. കമ്പനിയിൽ തന്നെ ആയിരുന്നു താമസിച്ചിരുന്നത്. നജ്മയുടെ വല്യമ്മയുടെ മകനായ പ്രതി ജമാൽ ഹുസൈൻ അവിടേക്ക് സംഭവത്തിന്റെ തലേ ദിവസം വന്നതാണ്. നാട്ടിലെ സ്വത്തുതർക്കം മൂലം നജ്മയോടും കുടുംബത്തോടും വൈരാഗ്യമുണ്ടായിരുന്ന പ്രതി , അത് കാണിക്കാതെ നജ്മയോടും കുടുംബത്തോടു ഒപ്പം രാത്രി കഴിയുകയും പിറ്റേ ദിവസം രാവിലെ 7 മണിക്ക് നജ്മയുടെ ഭർത്താവും മറ്റു പണിക്കാരും ജോലിക്കായി ഫാക്ടറിയിൽ കയറിയ ഉടനെ അടുക്കളയിൽ ജോലി ചെയ്തിരുന്ന നജ്മയെ ചക്ക വെട്ടിവെച്ചിരുന്ന വെട്ടുകത്തി ഉപയോഗിച്ച് തലയിലും കൈകളിലും മാരകമായി വെട്ടി പരിക്കേൽപ്പിക്കുകയും അടുത്ത് ഇരുന്ന് ഭക്ഷണം കഴിച്ചിരുന്ന 5 വയസുകാരൻ മകൻ നജുറുൾ ഇസ്ലാം എന്ന കുഞ്ഞിനെ കഴുത്തിൽ വെട്ടി കൊലപ്പെടുത്തുക യുമായിരുന്നു. ആക്രമണത്തിൽ നജ്മയുടെ വിരൽ അറ്റുപോവുകയും രണ്ടു കയ്യുടെ എല്ലൊടിയുകയും തലയിൽ മാരകമായി പരിക്കേൽക്കുകയും ചെയ്തു. കുഞ്ഞ് സ്ഥലത്ത് വെച്ച് തന്നെ മരണപ്പെട്ടിരുന്നു. ഇതിനു ശേഷം ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ ജോലിക്കാരും കൂടി പിടിച്ച് കെട്ടിയിട്ടു പോലീസ് ഏല്പിക്കയായിരുന്നു വരന്തരപ്പിള്ളി പോലീസ് FIR ഇട്ട കേസിൽ അന്വേഷം നടത്തി കുറ്റപത്രം സമർപ്പിച്ചത് വരന്തരപ്പിള്ളി CI ജയകൃഷ്ണൻ ആയിരുന്നു. സംഭവസമയം മാനസീക അസുഖമാണെന്നും പ്രതിയെ കളവായി കേസിൽ ഉൾപ്പെടുത്തിയതാണെന്നും പ്രതിക്ക് വേണ്ടി ആസാമിൽ നിന്നും കേരളത്തിൽ നിന്നും ഹാജരായ അഭിഭാഷകൻ കോടതിയിൽ വാദമെടുത്തു. എന്നാൽ പ്രോസിക്യൂഷൻ ഭാഗത്ത് നിന്നും ഹാജരാക്കി വിസ്തരിച്ച 22 സാക്ഷികളെയും 40 രേഖകളും 11ഓളം തൊണ്ടി മുതലുകളും ഉപയോഗിച്ച് പ്രതിക്കെതിരെയുള്ള കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷനു സാധിച്ചു.

പ്രോസിക്യൂഷനു വേണ്ടി ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർ കെ.ബി. സുനിൽകുമാർ പബ്ലിക് പ്രോസിക്യൂട്ടർ ലിജി മധു എന്നിവർ ഹാജരായി.

തിരുവിതാംകൂറിന്റെ പ്രഥമ റയിൽവേ സ്റ്റേഷൻ

1902 ൽ നിർമിച്ച തീരുവിതംകൂറിലെ ആദ്യത്തെ റെയിൽ പാത മീറ്റർ ഗേജ് കൊല്ലത്ത് നിന്നും മദ്രാസിലേക്ക് പുനലൂർ ചെങ്കോട്ട വഴി.1904 ൽ തിരുവിതാംകൂർ മഹാരാജാവ് ശ്രീ മൂലം തിരുനാൾ രാമവർമ തിരുവിതംകൂറിന്റെ വാണിജ്യ നഗരമായ കൊല്ലത്ത് ആദ്യത്തെ റയിൽവേ സ്റ്റേഷൻ നിർമിച്ചു (കയിലോൺ സ്റ്റേഷൻ).

അന്ന് തന്നെ തിരുവിതാംകൂറിന്റെ ആദ്യത്തെ ചരക്ക് യാത്ര തീവണ്ടി കൊല്ലത്ത് നിന്നും ചെങ്കോട്ടയിലേക്ക് പുനലൂർ വഴി ചൂളം വിളിച്ചു. ഉത്ഘാടനം ജൂൺ 1, 1904 ൽ ആയിരുന്നു.

1918ൽ കൊല്ലത്ത് നിന്ന് മീറ്റർ ഗെജ് പാത പരവൂർ വർക്കല വഴി തിരുവനന്തപുരം ചാല വരെ നീട്ടി. പക്ഷേ തീവണ്ടികൾ ചാക്ക എന്ന സ്ഥലം വരെ മാത്രമേ ഓടിയിരുന്നുള്ളു അന്നു മുതൽ കൊല്ലത്ത് നിന്നു ചരക്ക് വണ്ടികൾ ചാക്കയിലേക്കും ചെങ്കോട്ടയിലേക്കും ചൂളം വിളിച്ചു. 1931ൽ തിരുവിതാംകൂറിലെ രണ്ടാമത്തെ റയിൽവേ സ്റ്റേഷൻ ചാലയിലെ തമ്പാനൂർ എന്ന സ്ഥലത്ത് സേതു ലക്ഷ്മിഭായി മഹാറാണി തമ്പാനൂർ റെയിൽവെ സ്റ്റേഷൻ എന്ന പേരിൽ ആരംഭിച്ചു (ഇപ്പൊൾ തിരുവനന്തപുരം സെൻട്രൽ) അന്ന് മുതൽ കൊല്ലത്ത് നിന്നും തമ്പാനൂരിലെക്ക് ചരക്ക് തീവണ്ടികൾ സർവീസ് നടത്താൻ തുടങ്ങി.

1952 ൽ കൊല്ലത്ത് നിന്നും കോട്ടയം വഴി എറണാകുളത്തേക്ക് മീറ്റർ ഗ്വാജ് പാത നിർമിച്ച് 1956 ൽ കോട്ടയം, ചങ്ങനാശേരി സ്റ്റേഷനുകൾ നിലവിൽ വന്നു. 1958ൽ കരുനാഗപ്പള്ളി, കായംകുളം, മാവേലിക്കര,ചെങ്ങന്നൂർ, തിരുവല്ല സ്റ്റേഷനുകൾ നിലവിൽ വന്നു എങ്കിലും പക്ഷേ 1975 മുതലാണ് തിരുവനന്തപുരത്ത് നിന്നും കൊല്ലം കോട്ടയം വഴി എറണാകുളത്തേക്ക് യാത്ര തീവണ്ടി സർവീസ് തുടങ്ങിയത് അതുവരെ ചരക്ക് തീവണ്ടി സർവീസ് മാത്രം ഉണ്ടായിരുന്നുള്ളൂ.

നിലവിൽ ഇന്ത്യയിലെ മൂന്നാമത്തെ ഏറ്റവും നീളം കൂടിയ പ്ലാറ്റ്ഫോം ഉള്ള റയിൽവേ സ്റ്റേഷൻ ആണ് കൊല്ലം.

കേരളത്തിലെ എറ്റവും വലിയ രണ്ടാമത്തെ റയിൽവേ സ്റ്റേഷൻ, യാത്രക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നാലാം സ്ഥാനം.

120 വർഷം പിന്നിടുന്ന തിരുവിതാംകൂറിലെ ആദ്യത്തേതും ചരിത്രപ്രസിദ്ധമായ റെയിൽവേ സ്റ്റേഷൻ.കൊല്ലം-ചെങ്കോട്ട,

കൊല്ലം- എറണാകുളം (ആലപ്പുഴ വഴി, കോട്ടയം വഴി)

കൊല്ലം-തിരുവനന്തപുരം എന്നീ 3 ബ്രോഡ് ഗേജ് പാതകളുടെ സംഗമ സ്റ്റേഷൻ.

കേരളത്തിലെ ഏറ്റവും കൂടുതൽ ട്രാക്കുകൾ ഉള്ള (17 tracks) റെയിൽവെ സ്റ്റേഷൻ തെക്കൻ കേരളത്തിലെ 2nd മേജർ ഫസ്റ്റ് ഗ്രേഡ് റയിൽവേ സ്റ്റേഷൻ തിരുവനന്തപുരം സെൻട്രൽന് ശേഷം. തിരുവനന്തപുരം ഡിവിഷനിൽ 4വേ റാങ്ക് .

ഇന്ത്യയിലെ ഏറ്റവും വലിയ റെയ്ൽവേ U turn (Horse shoe Curve) സ്റ്റേഷൻ. കേരളത്തിലെ ഏറ്റവും വലിയ മെമു ഷെഡ് ഉള്ള റെയ്ൽവേ സ്റ്റേഷൻ,1+1അ എന്ന് പ്ലാറ്റ് ഫോം ഉള്ള കേരളത്തിലെ ഏക റയിൽവേ സ്റ്റേഷൻ.

പഴയ പേര്: Quilon Junction അതിന്റെ ആദര സൂചകമായി സ്റ്റേഷൻ കോഡ് ആയി ഇന്നും QLN ഉപയോഗിക്കുന്നു

കൃഷ്ണൻ ചേലമ്പ്ര

സൗജന്യ കമ്പ്യൂട്ടർ പരിശീലനം

വെങ്ങിണിശ്ശേരി: ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് വിഭിന്ന പരിശീലനങ്ങൾ നൽകി വരുന്ന അഡാപ്റ്റ് സൊസൈറ്റിയുടെ വെങ്ങിണിശ്ശേരിയിലെ സേവന കേന്ദ്രത്തിൽ സൗജന്യ ഡി. ടി. പി കോഴ്സ് ആരംഭിക്കുന്നു. രണ്ട് മാസം കാലയളവുള്ള റഗുലർ കോഴ്സിന് ചേരാൻ ആഗ്രഹമുള്ള 15 -25 പ്രായ പരിധിയിലുള്ള കുട്ടികൾക്ക് ജനുവരി 25 വരെ അപേക്ഷിക്കാം. ആദ്യം അപേക്ഷിക്കുന്ന 25 കുട്ടികൾക്കാണ് അവസരം. ഫോൺ 8301074962

ഇന്ന് പ്രസിദ്ധമായ മൂക്കുതല കണ്ണേങ്കാവ് പൂരം

തൃശൂർ : ഇന്ന് പ്രസിദ്ധമായ മൂക്കുതല കണ്ണേങ്കാവ് പൂരം.ഏറ്റവും കൂടുതൽ കരിങ്കാളി വരവുകൾ കൊണ്ട് പ്രസിദ്ധി നേടിയ മൂക്കുതല കണ്ണേങ്കാവ് ഭഗവതി ക്ഷേത്രത്തിലെ ഉത്സവമാണ്. ഉച്ചയ്ക്ക് ശേഷം വടക്കുമുറി, പിടാവന്നൂർ, കാഞ്ഞിയൂർ എന്നീ മൂന്ന് ദേശങ്ങളിൽ നിന്നായി രണ്ടായിരത്തോളം വഴിപാട് കരിങ്കാളി കോമരങ്ങൾ ക്ഷേത്രത്തിൽ എത്തും. പെരുമ്പിലാവിനും എടപ്പാളിനും ഇടയിലുള്ള ചങ്ങരംകുളത്ത് നിന്നും എരമംഗലം റോഡിൽ 3 സാ ദൂരെയാണ് ഈ ഉഗ്രരൂപിണിയായ ഭദ്രകാളി ക്ഷേത്രം. ഒറ്റ ക്ഷേത്രമായി ഗണിക്കപ്പെട്ടിട്ടുള്ള മേലേക്കാവിൽ ഭഗവതി ക്ഷേത്രവും കീഴേക്കാവിൽ ദുർഗ്ഗാ ക്ഷേത്രവും ഉൾപ്പെടുന്ന മൂക്കുതല ക്ഷേത്ര സമുച്ചയത്തിൽ പെട്ടതാണ് ഈ ക്ഷേത്രം.

കോടതി പരസ്യം

ബഹു. തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 1812/2023

ഭാരത് ഏജൻസീസ്, എം എൽ എ റോഡ്, പൂങ്കുന്നം, തൃശൂർ

-അന്യായക്കാരൻ

കോഴിക്കോട് ജില്ല രാമനാട്ടുകര താലൂക്ക് രാമനാട്ടുകര വില്ലേജ് രാമനാട്ടുകര ദേശത്ത്, കോഴിക്കോട്-673631 പരിയപുറത്ത് വീട്ടിൽ ഷൈജു പി

-പ്രതി

മേൽ നമ്പറിൽ പ്രതിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ കല്പിച്ച് **24-01-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് നിങ്ങളോ അഡ്വക്കെറ്റോ ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസിൽ വിചാരണ തുടരുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 30-12-2024
അന്യായഭാഗം അഡ്വക്കെറ്റ്
പി എ മുരളീരാജ് (ഒപ്പ്)

വിസ തട്ടിപ്പ് കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന കിഴുത്താണി സ്വദേശിയായ പ്രതി പിടിയിൽ

ഇരിങ്ങാലക്കുട: അഗ്നീറ എന്ന സ്ഥാപനം വഴി വിദേശ രാജ്യങ്ങളിൽ ജോലിക്ക് വിസ ശരിയാക്കി തരാം എന്ന് പറഞ്ഞ് ലക്ഷങ്ങളുടെ തട്ടിപ്പ് നടത്തി ഒളിവിൽ കഴിഞ്ഞിരുന്ന കിഴുത്താണി ചെമ്പിപ്പറമ്പിൽ സുനിൽകുമാർ (53) ആണ് ഇരിങ്ങാലക്കുട പോലീസിന്റെ പിടിയിലായത്. ഉദ്യോഗാർത്ഥികളിൽ നിന്ന് ഹംഗറി,യുകെ പോലുള്ള രാജ്യങ്ങളിൽ പാക്കിംഗ് ജോലികൾക്ക് വിസ ശരിയാക്കി നൽകാമെന്ന് പറഞ്ഞാണ് സുനിൽകുമാറും ഭാര്യ നിഷാ സുനിൽകുമാറും ചേർന്ന് തട്ടിപ്പ് നടത്തിയത്. ഒളിവിൽ പോയ പ്രതിയെ തൃശൂർ റൂറൽ ജില്ല പോലീസ് മേധാവി ബി കൃഷ്ണകുമാർ ഐ പി എസ് ന്റെ നിർദ്ദേശപ്രകാരം ഇരിങ്ങാലക്കുട ഡിവൈഎസ്പി കെ.ജി സുരേഷിന്റെ നേതൃത്വത്തിൽ രൂപീകരിച്ച അന്വേഷണസംഘമാണ് അറസ്റ്റ് ചെയ്തത്. സംഘത്തിൽ ഇൻസ്പെക്ടർ അനിഷ് കരീം,എസ് ഐ മാരായ ക്ലീറ്റസ്, ശ്രീധരൻ സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ രാഹുൽ അമ്പാടൻ, വിജോഷ്, സതീഷ് അവിട്ടത്തൂർ, അഭിലാഷ് സി എം എന്നിവർ ഉണ്ടായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

ബൈക്ക് കുഴിയിൽ മറിഞ്ഞ് എൻസിപി നേതാവിന് പരിക്ക്

കുന്നംകുളം : കാണിപ്പയ്യൂർ പഴയ റോഡിൽ ഇരുചക്ര വാഹനം കുഴിയിൽ വീണ് അപകടം. അപകടത്തിൽ എൻസിപി സംസ്ഥാന കമ്മിറ്റി അംഗം ദിനമണിക്ക് പരിക്ക്. കുന്നംകുളത്ത് നിന്നും വീട്ടിലേക്ക് വരികയായിരുന്ന അദ്ദേഹത്തിന്റെ വാഹനം ഡോ. ജാനകിയുടെ വീടിനു മുൻപിലുള്ള വലിയ കുഴിയിൽ മറിയുകയായിരുന്നു. ഇന്നു രാവിലെ ഏകദേശം 9 മണിക്കാണ് അപകടം നടന്നത്. അടുത്തുള്ളവർ എത്തി വാഹനം കുഴിയിൽ നിന്നും എടുത്തുമാറ്റുകയായിരുന്നു. നിസാര പരിക്കുപറ്റിയ അദ്ദേഹം കാണിപ്പയ്യൂർ യൂണിറ്റി ആശുപത്രിയിൽ പ്രാഥമിക ചികിത്സ തേടി.

കോടതി പരസ്യം

ബഹു. തൃശൂർ ജില്ലാ കോടതി മുമ്പാകെ

GOP: 2/2025

1) Valliamma, aged 74 years, Holding Aadar Card Bearing Number 7570 0929 4777, W/o. Cheradi Appukutty, Nenmini Desom, Thaikkad Village, Chavakkad Taluk, Thrissur District, P.O. Nenmini, Pin-680104

2) Manjo Kumar C.A., aged 47 years, Holding Aadar Card Bearing Number 8658 7188 5563, S/o. Cheradi Appukutty, Nenmini Desom, Thaikkad Village, Chavakkad Taluk, Thrissur District, P.O. Nenmini, Pin-680104

3) Maheswary C.A, aged 41 years, Holding Aadar Card Bearing Number 3597 1342 8931, D/o. Cheradi Appukutty, Nenmini Desom, Thaikkad Village, Chavakkad Taluk, Thrissur District, P.O. Nenmini, Pin-680104

4) Sunil, aged 54 years, Holding Aadar Card Bearing Number 7744 9087 9111, S/o. Pachampully Sankuru, Kadampattupadam Desom, Kaipamangalam Village, Kodungallur Taluk, Thrissur District, P.O. Kaipamangalam, Qin-680681 Rep. by Power of Attorny Holder Valliamma, Nenmini Desom, Thaikkad Village, Chavakkad Taluk, Thrissur District, P.O. Nenmini, Pin-680104 aged 74 years, Holding Aadar Card Bearing Number 7570 0929 4777, W/o. Cheradi Appukutty, Nenmini Desom, Thaikkad Village, Chavakkad Taluk, Thrissur District, P.O. Nenmini, Pin-680104

-Petitioners

1) Aryatheertha, aged 12 years, Holding Aadar Card Bearing Number 6017 2845 2263, D/o. Pachampully Sunil, Kadampattupadam Desom, Kaipamangalam Village, Kodungallur Taluk, Thrissur District, P.O. Kaipamangalam, Pin-680681 (Date of Birth 22-05-2012)

2) Pathmajam, aged 10 years, Holding Aadar Card Bearing Number 8943 6634 4374, D/o. Pachampully Sunil, Kadampattupadam Desom, Kaipamangalam Village, Kodungallur Taluk, Thrissur District, P.O. Kaipamangalam, Pin-680681 (Date of Birth 26-05-2014)

-Minors

മേൽ നമ്പർ ഹരജിയിൽ ഹരജി പട്ടിക വഹകളെ സംബന്ധിച്ച് ഭാഗാധാരം ജനിപ്പിക്കുന്നതിനായി അച്ഛനെ (നാലാം ഹരജിക്കാനെ) മൈനർമാരുടെ ദേഹത്തിനും സ്വത്തുക്കൾക്കും രക്ഷിതാവായി നിയമിച്ച് ഉത്തരവാകണമെന്ന് അപേക്ഷിച്ച് ബോധിപ്പിച്ച മേൽ നമ്പർ ഹരജി **18-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആയതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്

എന്ന്, 14-01-2025
ഹരജിഭാഗം അഡ്വക്കെറ്റ്
ബിജു ജോസഫ് എടക്കളത്തൂർ (ഒപ്പ്)